**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *613 — 02.04.2018 ൽ മറുപടിക്ക്

## കരകൗശല മേഖലയുടെ സമഗ്ര വികസനത്തിന് നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡി.കെ. മുരളി<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കരകൗശല മേഖല യുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) കരകൗശല മേഖലയുടെ വികസനത്തിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കരകൗശല വികസന കോർപറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ എന്നിവ വഴിയും അപെക്സ് സഹകരണ സ്ഥാപനമായ സുരഭി വഴിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുക, തൊഴിലാളികളുടെ വേതനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ ഇതുവഴി സാധ്യമായി വരുന്നുണ്ട്. കരകൗശല മേഖലയിൽ ക്ലസ്റ്റർ മാതൃകാ വികസനം, പൊതുസേവനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, വിപണന സമ്പ്രദായങ്ങൾ ആർജ്ജിക്കൽ എന്നിവയുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നു. ഈ മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പണിആയുധങ്ങൾ ആധുനിക വൽക്കരിക്കുന്നതിനും മികച്ച രീതിയിലുള്ള പണിയായുധങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനും അതിൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തനം നടത്തിവരുന്നു. ടൂറിസം വകുപ്പുമായി ചേർന്ന് കേരളത്തനിമയോടുകൂടിയ വിവിധതരം സുവനീറുകൾ വിപണനം നടത്താനുള്ള പദ്ധതി, കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ മാർക്കെറ്റിംഗ് സംവിധാനങ്ങൾ എന്നിവ ആസൂത്രണം ചെയ്തുവരുന്നു.<br>കരകൗശല മേഖലയിലെ തൊഴിലാളികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി കരകൗശല വികസന കോർപറേഷൻ കേന്ദ്ര-സംസ്ഥാന |

സർക്കാരുകളുടെ ധനസഹായത്തോടുകൂടി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇവയിലൂടെ ആർട്ടിസാൻമാരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിൽ വിപണനം ചെയ്യുവാനുള്ള അവസരം ഒരുക്കുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) കരകൗശല ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; | (ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. എന്നാൽ മൾട്ടിപർപ്പസ് കോംപ്ലക്സുകൾ സ്ഥാപിക്കുകയാണെങ്കിൽ ഇവയുടെ സാധ്യത പരിശോധിക്കുന്നതാണ്. |
| (സി) കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നതിന് 'ആശ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. ആഷ പദ്ധതിയിലൂടെ കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് അനിവാര്യമായ കെട്ടിടം / പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40%തുക, പരമാവധി രണ്ടു ലക്ഷം രൂപ ധനസഹായമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിത, യുവജന സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 50% തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. |
| (ഡി) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന അപെക്സ് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2018-19 ബഡ്ജറ്റിൽ 100 ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിലെ അപെക്സ് സഹകരണ സ്ഥാപനമായ സുരഭിക്ക് കൊച്ചിയിൽ ടൂറിസം സെന്റർ സ്ഥാപിക്കുന്നതിനും ചെന്നൈ, കോവളം എന്നിവിടങ്ങളിലെ എംപോറിയങ്ങൾ ആധുനികവൽക്കരിക്കാനും പുതുതായി ഒരു ചന്ദന പൗഡർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. പൊതുമേഖലാസ്ഥാപനമായ കരകൗശല വികസന കോർപറേഷൻ ഷോറൂമുകൾ, പൊതു സേവനകേന്ദ്രങ്ങൾ എന്നിവ പുതുക്കി പണിയുന്നതിനും ഓഫീസ് ആധുനികവൽക്കരിക്കാനും ലക്ഷ്യമിടുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന അപെക്സ് സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ |

പൊതുസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ